പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4716 — 26/06/2019- ൽ മറുപടിയ്ക്ക്

## പച്ചത്തേങ്ങയുടെയും കൊപ്രയുടെയും സംഭരണം

| ചോദ്യം<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) മാർക്കറ്റിൽ പച്ചത്തേങ്ങയുടെയും കൊപ്രയുടെയും വില വളരെയധികം കുറഞ്ഞിട്ടുള്ള സാഹചര്യത്തിൽ ഇവയുടെ സംഭരണം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) മാർക്കറ്റിൽ പച്ചത്തേങ്ങയുടേയും , കൊപ്രയുടേയും വില കുറയുന്ന പ്രവണത ഉണ്ട്. പച്ചത്തേങ്ങ സംഭരണം , കൊപ്ര സംഭരണം എന്നിവ പുനരാരംഭിക്കുവാൻ നടപടികൾ സ്വീകരിച്ച കഴിഞ്ഞു. കേരഫെഡിനെയാണ് സംഭരണത്തിനുള്ള നോഡൽ ഏജൻസിയായി പരിഗണിച്ചിരിക്കുന്നത്.<br>ഒരു കിലോ പച്ചത്തേങ്ങാ 27 രൂപയ്ക്ക് സംഭരിക്കുന്നതിന് ബഹു. കൃഷി , ധനകാര്യ, സഹകരണ വകുപ്പ് മന്ത്രിമാരുടെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. സംഭരണം ഉടനെതന്നെ ആരംഭിക്കുവാൻ , നോഡൽ ഏജൻസിയായ കേരഫെഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) പച്ചത്തേങ്ങയുടെയും കൊപ്രയുടെയും സംഭരണവില ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാക്കി ഉയർത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) പച്ചത്തേങ്ങ നിലവിലെ സംഭരണ വില കിലോ ഒന്നിന് 25/- രൂപയാണ് (തൊണ്ട് കളഞ്ഞ ഉരുളൻ തേങ്ങ). ഇത് കിലോ ഒന്നിന് 2/- രൂപ വർദ്ധിപ്പിച്ച് 27/- രൂപയ്ക്ക് സംഭരണം ആരംഭിക്കുവാൻ ധാരണയായിട്ടുണ്ട്.<br>മുൻ വർഷം കൊപ്ര സംഭരണത്തിന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരുന്ന ഏറ്റവും കുറഞ്ഞ താങ്ങുവില മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 7511/- എന്ന നിരക്കിലായിരുന്നു. എന്നാൽ ഈ സീസണിൽ (2019) ഇത് 2000/-രൂപ വർദ്ധിപ്പിച്ച് മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 9511/- എന്ന നിരക്കിലാണ് സംഭരണവില നിശ്ചയിച്ചിരിക്കുന്നത്. ഉണ്ട കൊപ്രയ്ക്ക് നിലവിലുണ്ടായിരുന്നത് ക്വിന്റലിന് 7750/- എന്ന നിരക്കിലാണ്. ഇത് 2000/- രൂപ വർദ്ധിപ്പിച്ച് ക്വിന്റലിന് 9750/- എന്ന നിരക്കിൽ സംഭരണം ആരംഭിക്കുവാൻ കഴിയുന്നതാണ്. കൊപ്ര സംഭരണത്തിന്റെ സീസൺ പ്രതിവർഷം ആറുമാസം മാത്രമാണ്. |

Sumalathan

സെക്ഷൻ ഓഫീസർ